അടോട്ട് വി. സി. ബി. ക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് നടപടി

86 [543] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അജാന്തർ പഞ്ചായത്തിൽ അടോട്ട് തോടിന് കുറുകെയുള്ള അടോട്ട് വി. സി. ബി.ക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) തടസ്സം നീക്കി എപ്പോൾ ടെണ്ടർ ചെയ്യാനാവും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 52 ലക്ഷം രൂപയ്ക്കുള്ള നബാർഡ് സഹായം 2-7-2004-ൽ ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) 2004-ലെ നിരക്ക് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിൽ നിന്നും അംഗീകാരം ലഭിക്കേണ്ടതുണ്ട്.

തലസ്ഥാന മേഖലയിൽ സ്വീവറേജ് സൗകര്യം വ്യാപിപ്പിക്കാൻ നടപടികൾ

87 [544] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം തലസ്ഥാന മേഖലയിൽ സ്വീവറേജ് സൗകര്യം വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരത്തിലെ എല്ലാ ജനവാസ കേന്ദ്രങ്ങളിലും സ്വീവറേജ് സംവിധാനം ഇപ്പോൾ ഉറപ്പാക്കിയിട്ടുണ്ടോ;

(സി) തിരുവനന്തപുരം നഗരപ്രാന്തത്തിലെ കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ് പഞ്ചായത്ത് പ്രദേശങ്ങളിൽ സ്വീവറേജ് സൗകര്യം വ്യാപിപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 'എ' ബ്ലോക്കിൽ ഉൾപ്പെട്ട വിപുലീകരണ പദ്ധതിയുടെ ഭാഗമായി 1200 എം. എം. പാരലൽ മെയിനിന്റെ പണിയും, കുര്യാത്തിയിൽ ഒരു പുതിയ പമ്പ് ഹൗസിന്റെ പണിയും, കുര്യാത്തി മുതൽ മുട്ടത്തറ വരെ 900 എം. എം. വ്യാസമുള്ള പമ്പിംഗ് മെയിനിന്റെ പണിയും പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly